# ഭക്ഷണം പരമ കേമം

**ഷാജി സുകുമാർ**
(മെക്കാനിക്കൽ)

ഓനാനെ പറ്റി മറ്റൊരു കഥ ഓർമ്മയിൽ വരുന്നു.

ഒന്നാം വർഷ ക്ലാസ്സുകൾ ആരംഭിച്ച് ഏതാണ്ട് പത്തുപതിനഞ്ചു ദിവസം കഴിഞ്ഞതിനുശേഷമാണ് ഓനാൻ കോഴ്സിന് ചേരുന്നത്.

പതിവ് പരിപാടികളോടെ ഹോസ്റ്റലിലേയ്ക്ക് ആനയിക്കപ്പെട്ട ഓനാൻ, ഒന്നാം വർഷക്കാരെല്ലാം ഒന്നിച്ച വൈകുന്നേരം മെസ്സ് ഹാളിലെത്തുന്നു. അത്താഴം കഴിക്കണമല്ലോ.

മെസ്സിലെ ശാപ്പാടിന്റെ സമൃദ്ധി ഓനാനെ അടിമുടി ആനന്ദിപ്പിച്ചു എന്ന് അദ്ദേഹം വീട്ടിലേക്കെഴുതിയ കത്തിൽ നിന്നാണ് പിടികിട്ടിയത്. ഏതോ സീനിയർ സെൻസർ ചെയ്ത കത്തിലെ വരികൾ ഇങ്ങനെ. റാഗിംഗ് അല്പം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെങ്കിലും ഹോസ്റ്റൽ ഭക്ഷണം ബഹുകേമം.

താൻ വന്ന ദിവസം ഹോസ്റ്റലിലെ മാസം തോറുമുള്ള ഫീസ്റ്റ് ന്റെ ഊഴം ആയിരുന്നു എന്ന തിരിച്ചറിവ് ഓനാൻ അടുത്ത ദിവസം വൈകുന്നേരം ഭക്ഷണം കഴിച്ചപ്പോഴാണ് വെള്ളിടിപോലെ വെളിവായത്, എന്ന് ഓനാന്റെ പിൽകാല കുമ്പാസാരം, കുറ്റസമ്മതം.

************